**26.09.2023**

# KGBEU OU ബുള്ളറ്റിൻ 119/2023

സഖാക്കളെ,

## വിഷയം: Cash time extension

ക്യാഷ് ടൈം നാലുമണി ആക്കാൻ ബാങ്ക് മാനേജ്മെൻറ് തീരുമാനിച്ച പശ്ചാത്തലത്തിൽ സംഘടന മാനേജ്മെന്റുമായി സംസാരിച്ചിരുന്നു. ജനറൽ മാനേജരോടും അസിസ്റ്റൻറ് ജനറൽ മാനേജരോടും ഒന്നിലധികം തവണ സംസാരിച്ചിട്ടും വിഷയത്തിന്റെ ഗൗരവം അവർക്ക് ഉൾക്കൊള്ളാൻ ആവാത്തതിനാൽ ഇന്നലെ സംഘടന ചെയർമാന് കത്ത് നൽകിയിട്ടുണ്ട്. അതിരൂക്ഷമായ സ്റ്റാഫ് ഷോർട്ടേജിന്റെ പശ്ചാത്തലത്തിൽ പല ബ്രാഞ്ചുക ളിലും തങ്ങൾ ചെയ്യേണ്ടതില്ലാത്ത പല ജോലികളും ക്ലറിക്കൽ ജീവനക്കാർ ചെയ്യേണ്ടി വരുന്നുണ്ട്. ക്ലറിക്കൽ ജീവനക്കാരുടെ സമയോചിതമായ ഇത്തരം ഇടപെടലുകളാണ് പല ബ്രാഞ്ചുകളുടെയും ദൈനംദിന പ്രവർത്തനം താളം തെറ്റാതെ മുന്നോട്ടുപോകാൻ സഹായക മാകുന്നത്. ആയതിനാൽ, ഇത്തരം കാര്യങ്ങളെക്കുറിച്ച് ഒന്നും ഒരു ധാരണയും ഇല്ലാതെ അസ്ഥാനത്ത് ഇത്തരമൊരു തീരുമാനമെടുത്ത മാനേജ്മെൻറ് നടപടി ഒട്ടും ശരിയല്ല എന്നും സംഘടനയുമായി കൃത്യമായ ചർച്ച നടത്തണമെന്നും ആവശ്യപ്പെട്ടാണ് നാം ചെയർമാന് കത്ത് നൽകിയത്. ഈ വിഷയത്തിൽ ഇന്ന് HO യ്ക്ക് മുന്നിൽ ശക്തമായ പ്രതിഷേധ പ്രകടനം നടത്തും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)